# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD/P-18/1665 / 2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/10/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD/P-18/1665 / 2025 തീയ്യതി: 23/10/2025

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-07-2024 മുതൽ 31-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി. | ഡെപ്യൂട്ടി ഡയറക്ടർ | 10-09-2025 | 19-09-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-09-2025 | 19-09-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. വിദ്യ.പി -ഓഡിറ്റ് ഓഫീസർ

ശ്രീമതി. സരിത.പി - അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. രാജേശ്വരി.സി -സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. അശ്വിനി.ടി.കെ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എൽ രമേഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ഹക്കീം.എ | സെക്രട്ടറി | 01-04-2024 | 26-04-2024 |
| ശ്രീ.സഞ്ജീവ് കുമാർ | സെക്രട്ടറി | 27-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.രജിൻ റാം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.നിഷിത | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.വേണു.ബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 25-04-2024 |
| ശ്രീമതി. ശ്രുതി.ആർ നായർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 26-04-2024 | 26-11-2024 |
| ശ്രീ. ആരുൺ ബേബി.സി.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 27-11-2024 | 31-03-2025 |
| ശ്രീ.ഹക്കീം.എ | അസി.സെകട്ടറി | 01-04-2024 | 18-09-2024 |
| ശ്രീ.ഉമ്മർഫാറൂഖ്.കെ | അസി.സെകട്ടറി | 19-09-2024 | 23-09-2024 |
| ശ്രീ.ചെന്താമരാക്ഷൻ.എം | അസി.സെകട്ടറി | 24-09-2024 | 31-03-2025 |
| ശ്രീ.ഷെരീഫ്.ജെ | വി.ഇ.ഒ 1 | 01-04-2024 | 31-03-2025 |
| ശ്രീമതി. സംഗീത.കെ | വി.ഇ.ഒ 2 | 01-04-2024 | 20-12-2024 |
| ശ്രീ.ഷെരീഫ്.ജെ | വി.ഇ.ഒ 2 | 21-12-2024 | 19-01-2025 |
| ശ്രീമതി. സംഗീത.കെ | വി.ഇ.ഒ 2 | 20-01-2025 | 31-03-2025 |
| ശ്രീമതി. രാധിക.എം.ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-12-2024 |
| ശ്രീമതി. സുബൈദ,പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2025 | 31-03-2025 |
| ശ്രീമതി.സിജി.ജോസ് | അസി.എൻഞ്ചിനീയർ | 01-04-2024 | 30-09-2024 |
| ശ്രീ.ഹരിദാസ് ആർ | അസി.എൻഞ്ചിനീയർ | 01-10-2024 | 31-03-2025 |
| ശ്രീ. മാരി.കെ | എച്ച്.എം | 01-04-2024 | 02-02-2025 |
| ശ്രീ.ബിജോഷ്.എസ്.എസ് | എച്ച്.എം | 03-02-2025 | 28-03-2025 |
| ശ്രീ. മാരി.കെ | എച്ച്.എം | 29-03-2025 | 31-03-2025 |
| ഡോ.വന്ദന.പി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ.ബിന്ദു.കെ.എൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 18-01-2025 |
| ഡോ.മഹേഷ്.എ.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-01-2025 | 31-03-2025 |
| ശ്രീ.ഫാസിൽ.പി.എ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യമല്ല | 1-1-3 |
| 5 | ഓഡിറ്റോറിയം വാടക-ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | എം.ജി. എൻ ആർ. ഇ.ജി.എസ് യഥാർത്ഥ അഡ്മിൻ ചെലവ് I-14(F)മായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലോൺ തിരിച്ചടവ് തുകകൾ - വാർഷികധനകാര്യപത്രികയും സുലേഖ ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതി ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 1-11-1 |
| 19 | വിവിധ മേഖലകളിൽ തൊഴിൽചെയ്യുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11-2 |
| 20 | തൊഴിൽനികുതി-വരവിന്റെ പരിശോധനയിലൂടെ കണ്ടെത്തിയ അപാകങ്ങൾ | 1-11 |
| 21 | അൺ എയ്ഡഡ് സ്കൂളുകൾ കെട്ടിടങ്ങളുടെ വസ്തു നികുതി ചുമത്തി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-12 |
| 22 | മൂലധന നിക്ഷേപം പരിഗണിക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു | 1-13-1 |
| 23 | വാണിജ്യാവശ്യത്തിനായി കെട്ടിട നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല | 1-13-2 |
| 24 | ലൈസൻസ് അനുവദിച്ചു നൽകുന്നതിലെ-അപാകങ്ങൾ | 1-13 |
| 25 | വാട്ടർ ചാർജ് ഇനത്തിൽ 21 ലക്ഷത്തിലേറെ രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-14 |
| 26 | റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ് - അപാകങ്ങൾ | 1-15 |
| 27 | പ്രതിമാസ പൊരുത്തപ്പെടൽ പത്രിക- അപാകങ്ങൾ | 1-16 |
| 28 | ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-17 |
| 29 | വീട് വാസയോഗ്യമാക്കൽ - എസ് സി -പൂർത്തീകരണ വിവരം ഇല്ല | 1-18 |
| 30 | ബൊക്കാഷി ബക്കറ്റ് വിതരണം - സ്പിൽ ഓവർ പദ്ധതി നടപ്പിലായിട്ടില്ല | 1-19 |
| 31 | ഒരേ വാഹനം ഒരേ സമയം ഉപയോഗിച്ചതായി കാണിച്ച് തുക കൈപ്പറ്റി- 5200 രൂപ നിരാകരിക്കുന്നു | 1-20 |
| 32 | ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ വാങ്ങൽ- മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-21 |

| | | |
|---|---|---|
| 33 | മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം | 1-22 |
| 34 | ലൈഫ് ഭവനനിർമ്മാണം-തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 35 | കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-24 |
| 36 | പകൽ വീട് - ഭക്ഷണ സൗകര്യം ഒരുക്കൽ - വിശദീകരണം ലഭ്യമാക്കിയില്ല | 1-25 |
| 37 | ജൽജീവൻ മിഷൻ പദ്ധതി അവലോകനം | 1-26 |
| 38 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഒരേ വാഹനം ഒരേ സമയം ഉപയോഗിച്ചതായി കാണിച്ച് തുക കൈപ്പറ്റി- 5200 രൂപ നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് ആരോഗ്യ ഇൻഷൂറൻസ് -പ്രീമിയം തുക അടവാക്കിയ വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവർത്തിക്കായി തുക നൽകിയതിന്റെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വണ്ടാഴി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.6.2025 തീയതിയിലെ 13/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.7.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വണ്ടാഴി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: പാലക്കാട്
തീയതി: 23-10-2025

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 അക്കൗണ്ടിങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെ ചേർക്കുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-3 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യമല്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് – 9580301 /-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19456707 /- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-4 ഓഡിറ്റോറിയം വാടക-ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല**

2024-25 വർഷത്തിൽ ഓഡിറ്റോറിയത്തിന്റെ വാടക ഇനത്തിൽ 7,63,670 രൂപ (RP-3 പ്രകാരം) വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിലെയും വാർഷിക കണക്കിലെയും ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 7,44,670 (I3) | 7,63,670 (R3) | 0 | ഡിമാന്റിനേക്കാൾ 19000രൂപ കൂടുതലാണ് കളക്ഷൻ |
| രജിസ്റ്റർ പ്രകാരം | 7,63,920 | 7,63,920 | 0 | |

വാർഷിക കണക്കിൽ ഡിമാന്റ് ചെയ്തതിനേക്കാൾ 19000രൂപ കൂടുതൽ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ആയത് പ്രതിഫലിക്കുന്നില്ല. വാർഷിക കണക്കിൽ നിന്ന് വ്യത്യസ്തമായ ഡിമാൻഡ് കളക്ഷൻ തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/18.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-1-5 എം.ജി. എൻ ആർ. ഇ.ജി.എസ് യഥാർത്ഥ അഡ്മിൻ ചെലവ് I-14(F)മായി പൊരുത്തപ്പെടുന്നില്ല**

എം.ജി. എൻ ആർ. ഇ.ജി.എസ് അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭ്യമായ 355 രൂപ അഡ്മിൻ വരവായി എടുത്തിട്ടുണ്ട്. എന്നാൽ ഈ തുക വാർഷികധനകാര്യപത്രിക I-14(F) ലെ അഡ്മിൻ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

എം.ജി.എൻ ആർ ഇ ജി.എസിന്റെ പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ തന്നെ ഈ ചെലവ് വന്നിട്ടുണ്ട്. എന്നാൽ അക്കൗണ്ട് ഹെഡ് മാറിപ്പോയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണം നം 8/17.09.25 ന് മറുപടിയായി അറിയിച്ചു.

**1-1-6 ലോൺ തിരിച്ചടവ് തുകകൾ - വാർഷികധനകാര്യപത്രികയും സുലേഖ ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം ലോൺ ഇനത്തിലുള്ള വരവ് , തിരിച്ചടവ്, തിരിച്ചടവ് ബാക്കി എന്നിവ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| മുന്നിരിപ്പ് | 19082853 | B5 |
| ലോൺ വരവ് | 1080000 | RP 31 Secured Loans (R) |
| ലോൺ തിരിച്ചടവ് | 4104808 (*) | I-14-B പ്രകാരമുള്ള തുക 4078141 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടുണ്ട്. |
| ലോൺ നീക്കിയിരിപ്പ് | 16058045 | B5 |

(*) I-14(B) യിലെ ചെലവ് പ്രകാരം 4078141 രൂപയാണ് തിരിച്ചടവ്. യഥാർത്ഥത്തിൽ ആകെ എത്ര രൂപയാണ് ലോൺ തിരിച്ചടവ് എന്നത് സംബന്ധിച്ച് വിശദീകരണം (നം 8/17.09.25) ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ യഥാർത്ഥത്തിലുള്ള തിരിച്ചടവ് 4104808 രൂപയാണെന്നും ടി.എസ്.പി ഇനത്തിൽ കുറവ് ചെയ്ത 26667 രൂപ വരവിലെടുത്തെങ്കിലും രണ്ട് പ്രാവശ്യം ജേണലിട്ട് ക്രമീകരിക്കുന്നതിന് പകരം ഒരു തവണ മാത്രം ജേണലിട്ടതിനാലാണ് ഇത്തരത്തിൽ I-14(B) യിൽ വ്യത്യാസം ഉണ്ടായത് എന്നറിയിച്ചു.

<u>സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവ് തുകയും AFS ലെ തുകയുമായി വ്യത്യാസം നിലനിൽക്കുന്നു</u>

സുലേഖ ചെലവു പത്രിക പ്രകാരം ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകളുടെ ആകെ 2893573 രൂപയാണ്. യഥാർത്ഥ തിരിച്ചടവ് തുകയുമായി 1211235 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

സുലേഖ ചെലവു പത്രികയിൽ വ്യത്യാസം വരാനിടയാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## <u>1-1-7 സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതി ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളുടെ ഇനം തിരിച്ചുള്ള ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകൾക്കായി, NSAP ഉൾപ്പെടെ 2024-25 വർഷം താഴെ പറയും വിധം ചെലവുണ്ട്. (സേവന വെബ്സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയത്) ഈ ചെലവുകൾ വാർഷിക ധനകാര്യപത്രിക I-6, I-14(D) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5941800 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 42040700 |
| 3 | വികലാംഗ പെൻഷൻ | 5673300 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1135800 |
| 5 | വിധവാ പെൻഷൻ | 24674600 |

ഇവ മന:പൂർവ്വമല്ലാത്ത കരാണങ്ങളാൽ വിട്ടു പോയതാണെന്ന് ഈ വിവരം ശ്രദ്ധയിൽ പെടുത്തിയതിന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം

നൽകിയിട്ടില്ല).

**1-2 ബജറ്റ്**

12.02.2024 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24-2-2025 തീയതിയിലെ 8(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 16004453 |
| വരവ് | 263759000 |
| ആകെ | 279763453 |
| ചെലവ് | 268858017 |
| നീക്കിയിരിപ്പ് | 10905436 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹33112187 |
| വരവ് | ₹64180789 |
| ആകെ | ₹97292976 |
| ചെലവ് | ₹54600488 |
| നീക്കിയിരിപ്പ് | ₹42692488 |

Receipt & Payment പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 24317505 | 24317505 | 18959745 | 5357760 |
| വികസനഫണ്ട് എസ്.സി..പി | 0 | 10377000 | 10377000 | 8821269 | 1555731 |
| വികസനഫണ്ട് ടി.എസ്.പി | 0 | 3197495 | 3197495 | 2010122 | 1187373 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 29623000 | 29623000 | 10326719 | 19296281 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7754000 | 7754000 | 4818299 | 2935701 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക് | 8575401 | 4916994 | 13492395 | 8124102 (*) | 5368293 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 5938059 | 9965500 | 15903559 | 5514693 (*) | 10388866 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് | 0 | 514448 | 514448 | 514448 (*) | 0 |

| ഗ്രാന്റ്) | | | | | |
|---|---|---|---|---|---|

സുലേഖ ചെലവു പത്രിക പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ആകെ ചെലവ് 14159107 ആണ്. വാർഷികധനകാര്യപത്രികയുമായി 5864 രൂപയുടെ വ്യത്യാസം ഉണ്ട്. ഈ വ്യത്യാസം പ്രോജക്ട് നം 188/25 ലെ (പൂതൻകുഴി സൈഡ് പ്രൊട്ടക്ഷൻ) മാർച്ച് മാസത്തിൽ മാറിയ ബില്ലിൽ നിന്നും റിക്കവറി ചെയ്ത തുകയാണ്. (*)

**കേന്ദ്രാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 4381654 | 2682101 | 7063755 | 1393058 | 5670697 |
| TSC | 329645 | 0 | 329645 | 0 | 329645 |
| Total Sanitation (320300103) | 1134193 | 0 | 1134193 | | 1134193 |
| Health Grant -Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 337560 | 690915 | 1028475 | 327645 | 700830 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 586264 | 454924 | 1041188 | 235843 | 805345 |

**2. തൊഴിലുറപ്പു പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1303490 | 1303490 | 1298113 +3806+(355) | 1216 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23418269 | 23418269 | 23418269 | 0 |
| ആകെ | 0 | 24721759 | 24721759 | 24720543 | 1216 |

ആകെ 3806 രൂപ ശമ്പള ഇനത്തിൽ അധികം നൽകിയത് തിരികെ അടവാക്കിയിട്ടുണ്ട്. 355 രൂപ പലിശ ഇനത്തിൽ ലഭ്യമായ തുക വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ തുക എം.ജി.എൻ ആർ.ഇ ജി.എസ് പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ ചെലവു വന്നിട്ടുണ്ടെങ്കിലും അഡ്മിൻ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| TSC-ശുചിത്വ മിഷൻ | 977394 | 285558 | 1262952 | 934430 | 328522 |
| ലൈഫ് മിഷന് (State Share) | 820000 | 0 | 820000 | 360000 | 460000 |
| അഗതിരഹിതകേരളം | 1301921 | 0 | 1301921 | 480000 | 821925 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 311 | 158747603 | 173 | 72216351 | 138 | 55.62 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 6532500 | 5376380 | 82 |
| വി.ഇ.ഒ.-I | 13 | 7 | 7838270 | 2389524 | 30.5 |
| വി.ഇ.ഒ 2 | 16 | 10 | 35292996 | 10195800 | 29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21 | 20 | 7585884 | 6250636 | 82 |
| സെക്രട്ടറി | 34 | 15 | 8623300 | 7765315 | 90 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 173 | 84 | 72387120 | 28523622 | 39.40 |
| Fisheries | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ-FHC | 14 | 11 | 5609957 | 3773738 | 68 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1861667 | 1861480 | 99.9 |
| വെറ്ററിനറി സർജ്ജൻ | 10 | 7 | 4461600 | 574173 | 13 |
| പ്രധാന അധ്യാപകൻ | 7 | 5 | 2080000 | 1374865 | 66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1100000 | 1100000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 6 | 5374309 | 3030818 | 56 |
| ആകെ | 310 | 172 | 158747603 | 72216351 | 45.49 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1303490 | 1303490 | 1298113 +3806+(355) | 1216 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23418269 | 23418269 | 23418269 | 0 |
| ആകെ | 0 | 24721759 | 24721759 | 24720543 | 1216 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5941800 | 392 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 42040700 | 3085 |
| 3 | വികലാംഗ പെൻഷൻ | 5673300 | 378 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ | 1135800 | 78 |

| | | | |
|---|---|---|---|
| | വനിതകൾക്കുള്ള പെൻഷൻ | | |
| 5 | വിധവാ പെൻഷൻ | 24674600 | 1674 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2025 തീയിതിയിൽ 3.25 PM സമയത്ത് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 14330/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പലപ്പോഴും ചെക്ക് നൽകിയശേഷമാണ് പേമെന്റ് അംഗീകരിക്കുന്നത്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ലാപ്സാവുകയും പഞ്ചായത്തിന് നഷ്ടമുണ്ടാവുകയും ചെയ്തു. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

2015-16 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് നവംബർ, 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഗുരുതരമായി പരാമർശങ്ങൾ ഒന്നുമില്ല.

**1-11-1 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്**

27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD ഉത്തരവ് പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് പഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ളാബുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച നിക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയതിൽ, സ്ഥാപന ഉടമ സമർപ്പിച്ചിട്ടുള്ള റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി പരിഷ്ക്കരിച്ച നിരക്കുകൾ പ്രകാരമുള്ള തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

**സ്ഥാപനത്തിന്റെ പേര് - പി.ജെ ഗ്രാനൈറ്റ്സ്,വണ്ടാഴി**

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം & തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | സുബിൻ, ഓഫീസ് സ്റ്റാഫ് | 73200 | 600 | 750 | 150 | 1240802083 Dtd 27.02.2025 |
| 2 | രശ്മി, ഓഫീസ് സ്റ്റാഫ് | 72000 | 600 | 750 | 150 | |
| 3 | സന്ദീപ്, ഓപ്പറേറ്റർ | 72000 | 600 | 750 | 150 | |
| 4 | സലീഷ് തോമസ്, ഓപ്പറേറ്റർ | 72000 | 600 | 750 | 150 | |
| 5 | ഷമീർ, ഡ്രൈവർ | 72000 | 600 | 750 | 150 | |
| | | ആകെ | 3000 | 3750 | 750 | |

മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കുറവായി ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽനികുതി മേൽ ജീവനക്കാരിൽ നിന്ന് ഭരണതല നടപടികളിലൂടെ ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിയമാനുസൃത സ്ലാബ് പ്രകാരമുള്ള നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയുടെ ബാധ്യത യായിരിക്കുന്നതാണ്.

**1-11-2 വിവിധ മേഖലകളിൽ തൊഴിൽചെയ്യുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

**1.ഗ്രാമപഞ്ചായത്തു പരിധിയിൽ മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ള കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ എൽ.ഐഡി & ഇ.ഡബ്ല്യൂ സെക്ഷനിൽ നിന്നുള്ള എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി താഴെ പറയുന്ന കരാറുകാരെ നിയോഗിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാർ | ഏറ്റെടുത്ത ചില പ്രവൃത്തികൾ |
|---|---|---|
| 1 | ഫ്രാങ്ക്ളിൻ ജോസ് | പടിഞ്ഞാറേത്തറ അങ്കണവാടി നവീകരണം |
| 2 | ശ്രീകുമാർ.സി.കെ | പുന്നപ്പാടം മുടപ്പല്ലൂർ റോഡ് റീ ടാറിങ്ങ് |
| 3 | മനോജ്.സി.എം | തെക്കഞ്ചേരി റോഡ് റീ ടാറിങ്ങ് |
| 4 | സജീഷ്.ജി | കുണ്ടുകാട് പൊതുകിണർ മെയിന്റനൻസ് |
| 5 | വിഷ്ണു ദാസ് | വടക്കുമുറി റോഡ് റീ ടാറിങ്ങ് |
| 6 | കലാധരൻ.എം | ചരപ്പറമ്പ് റോഡ് |

| | | |
|---|---|---|
| | | കോൺക്രീറ്റ് |
| 7 | എൽദോസ് ജോയ് | കടപ്പാറ സ്കൂളിൽ ബോർവെൽ&മോട്ടോർ ഷെഡ് |
| 8 | ഷെയ്ഖ് അബ്ദുൾ ഖാദർ | മുടപ്പല്ലൂർ കമ്മ്യൂണിറ്റി ഹാൾ നവീകരണം |
| 9 | ഫെബിൻ ഡി സിൽവ | അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം |
| 10 | സജിത് കുമാർ | ക്രിമറ്റോറിയം പൂർത്തീകരണം |

പട്ടികയിലെ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

**2. <u>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.</u>**

മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഗ്രാമപഞ്ചായത്തിൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ക്ഷേത്രം സ്ഥിതി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേത്രത്തിന്റെ പേര്, മേൽവിലാസം | ഗ്രേഡ് | ക്ഷേത്ര ഭരണാധികാരി |
|---|---|---|
| അഴിക്കുളങ്ങര ഭഗവതി ദേവസ്വം, മുടപ്പല്ലൂർ | ഡി | എക്സിക്യൂട്ടീവ് ഓഫീസർ |

എന്നാൽ ഈ ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ദേവസ്വം ബോർഡിനുകീഴിലുള്ള മറ്റ് ക്ഷേത്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**<u>1-11 തൊഴിൽനികുതി-വരവിന്റെ പരിശോധനയിലൂടെ കണ്ടെത്തിയ അപാകങ്ങൾ</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, വണ്ടാഴി ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം-13/17.09.2025)

**<u>1-12 അൺ എയ്ഡഡ് സ്കൂളുകൾ കെട്ടിടങ്ങളുടെ വസ്തു നികുതി ചുമത്തി ഈടാക്കുന്നതിലെ അപാകങ്ങൾ</u>**

**<u>1.അൺ എയ്ഡഡ് സ്കൂളുകൾക്ക് വസ്തു നികുതി ഇളവ് നൽകിയിരിക്കുന്നു</u>**

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ (2023 ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്റ്റ്) 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ 2023-24 വർഷം മുതൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി

ഡിമാന്റ്ചെയ്യേണ്ടതാണ്. സഞ്ചയയിൽ വിദ്യാഭ്യാസ-ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിലുള്ള സെന്റ് മേരീസ് പബ്ളിക് സ്കൂൾ കെട്ടിടത്തിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത സ്ക്കൂൾ കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചതായും കാണുന്നില്ല. Form6 പ്രകാരമുള്ള വിവരങ്ങൾ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | കെട്ടിട നം | സ്ഥലവിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | റിമാർക്സ് |
|---|---|---|---|
| സെന്റ് മേരീസ് പബ്ളിക് സ്കൂൾ | 13/460 | 185.87 (ഉപയോഗം-സ്കൂൾ, മറ്റുള്ളവ) | ഡിമാന്റ് പരിശോധിച്ചതിൽ **Exempted**എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |
| | 13/461 | 92.93 (ഉപയോഗം-സ്കൂൾ,മറ്റുള്ളവ) | ഡിമാന്റ് **(No-50883010007532)** പരിശോധിച്ചതിൽ **Exempted** എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |

മേൽ സ്കൂൾ കെട്ടിടത്തിന് വസ്തുനികുതി ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**<u>2.ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരവും സഞ്ചയ പ്രകാരവും സ്ക്കൂൾ കെട്ടിടങ്ങളുടെ വിസ്തീർണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു</u>**

01.06.2007 തീയതിയിലെ ജി.ഒ.(ആർ.ടി) 2427/2007/പൊതുവിദ്യാഭ്യാസം നമ്പർ ഉത്തരവ് പ്രകാരം, അസിസ്റ്റന്റ് എഞ്ചിനീയർ അൺഎയ്ഡഡ് ഉൾപ്പടെയുള്ള സ്കൂളുകൾ പരിശോധിക്കേണ്ടതും സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന എൻ.എസ്.എസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ-മുടപ്പല്ലൂർ, സെന്റ് മേരീസ് പബ്ളിക് സ്കൂൾ -മംഗലം ഡാം, സെന്റ് സേവ്യേഴ്സ് സെൻട്രൽ സ്കൂൾ -മംഗലം ഡാം എന്നീ സ്കൂളുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിൽ സ്ഥലപരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ സ്ഥലവിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | സഞ്ചയയിലെ കെട്ടിട നമ്പർ | Form6 പ്രകാരമുള്ള സ്ഥല വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | സെന്റ് മേരീസ് പബ്ളിക് സ്കൂൾ | GF-392.45<br>FF-392.45<br>Total-784.9 | 12/420 | 250 (ഉപയോഗം-സ്കൂൾ,മറ്റുള്ളവ) | 2013 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. |
| 2 | എൻ.എസ്.എസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ | 1074 | 18/83 | 232 (ഉപയോഗം-സ്കൂൾ,മറ്റുള്ളവ) | 2016 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. |
| | | | 18/84 | 217 (ഉപയോഗം-സ്കൂൾ,മറ്റുള്ളവ) | 2013 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. |
| 3 | സെന്റ് | Cellar-335.35 | 12/645 | 1601.86 | 2013 1st Half |

| | | | | | |
|---|---|---|---|---|---|
| | സേവ്യേഴ്സ് സെൻട്രൽ സ്കൂൾ | Gf-524.49 FF-534.49 Total- 1384.33 | | (ഉപയോഗം- സ്കൂൾ, മറ്റുള്ളവ) | മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട് |

അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലവിസ്തീർണ്ണം സ്കൂളിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ആകെ വിസ്തീർണ്ണമാണോ എന്ന് വ്യക്തമാക്കേണ്ടതും അതിൽ നിന്നു വ്യത്യസ്തമായി ക്രമനം-3 കെട്ടിടത്തിന് സഞ്ചയയിൽ അധികവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

**3. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ല**

30.12.2016 തീയതിയിലെ 792455 ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളും അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അനുവദിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയയിൽ വിദ്യാഭ്യാസ-ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ സെന്റ് ജോസഫ് കോൺവെന്റ് -ഒലിംകടവ്, സെന്റ് പീറ്റേഴ്സ് കോൺവെന്റ്, മംഗലം ഡാം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സ്കൂൾ കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൂടാതെ പ്രവർത്തിക്കുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/19.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളും അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അനുവദിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുത്തിട്ടുണ്ടെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-13-1 മൂലധന നിക്ഷേപം പരിഗണിക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു**

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 3 സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾക്കാണ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 400825/ RPTL20/ GPO/2024/1730 Dtd 15.06.2024 | റിയൽ ഗോൾഡ് ജ്വല്ലറി, മുടപ്പല്ലൂർ | രേഖപ്പെടുത്തിയിട്ടില്ല. | 500 |
| 2 | 400825/ RPTL20/ GPO/2024/2000 Dtd 18.06.2024 | മഹാറാണി ജ്വല്ലറി | രേഖപ്പെടുത്തിയിട്ടില്ല | 1000 |
| 3 | 400825/ RPTL19/ GPO/2024/3361 Dtd 17.07.2024 | ഇഷാരാ സിൽവർ & ഗോൾഡ് | രേഖപ്പെടുത്തിയിട്ടില്ല | 500 |

സ്വർണ്ണവ്യാപാര സ്ഥാപനം ആരംഭിക്കുന്നതിന് ആവശ്യമായ മൂലധന നിക്ഷേപം സ്ഥല പരിശോധനയിലൂടെ കൃത്യമായി കണക്കാക്കാവുന്നതുമാണ്. എന്നാൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലാത്ത മേൽ അപേക്ഷകരിൽ നിന്ന് എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള മൂലധന നിക്ഷേപത്തിനാനുപാതികമായി ഈടാക്കേണ്ട ലൈസൻസ് ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 25 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരി ക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

സേവന മേഖലയിലുൾപ്പെട്ട 10 ലക്ഷം രൂപയിൽ കൂടാത്ത മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട ഫീസ് ആണ് 500രൂപ. ആയത് പരിശോധിക്കാതെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലാത്ത ബാക്കിയുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1000രൂപ , 500 രൂപ എന്നിങ്ങനെ ലൈസൻസ് ഫീസ് ഈടാക്കുന്നത് പരിശോധിക്കാവുന്നതാണ്. മേൽ സ്ഥാപനങ്ങളുടെ യഥാർഥ മൂലധന നിക്ഷേപം പരിശോധിച്ചുറപ്പുവരുത്തി ബാധകമായ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

അപാകങ്ങളുടെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(20/19.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-13-2 വാണിജ്യാവശ്യത്തിനായി കെട്ടിട നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല**

സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 19 വാർഡുകളിലായി 1643 കെട്ടിടങ്ങൾക്കാണ് വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിലുൾപ്പെടുത്തി കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 549 സ്ഥാപനങ്ങൾക്കാണ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ലൈസൻസ് എടുക്കാതെ 1094 കെട്ടിടങ്ങളിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തി ക്കുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ കൃത്യമായ എണ്ണം ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/19.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള 1094 കെട്ടിടങ്ങളിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അറിയിക്കേണ്ടതുമാണ്.

**1-13 ലൈസൻസ് അനുവദിച്ചു നൽകുന്നതിലെ-അപാകങ്ങൾ**

ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർഖണ്ഡികകളായി ആയി ചേർക്കുന്നു.

**1-14 വാട്ടർ ചാർജ് ഇനത്തിൽ 21 ലക്ഷത്തിലേറെ രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു**

ലഭ്യമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ വടക്കേപ്പുഴ കുടിവെള്ള പദ്ധതി, മാത്തൂർ കുടിവെള്ള പദ്ധതി, വളയൽ കുടിവെള്ള പദ്ധതി , പുളിക്കൽപറമ്പ് കുടിവെള്ള പദ്ധതി എന്നീ 4 കുടിവെള്ള പദ്ധതികളാണ് നിലവിലുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കണക്ഷനുകളുടെ എണ്ണം | | ആകെ |
|---|---|---|
| ഗാർഹികം | ഗാർഹികേതരം | |
| 748 | 13 | 761 |

ആകെ 761 കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. ഇതിൽ 748 ഗാർഹിക കണക്ഷനുകളും 13 ഗാർഹികേതര കണക്ഷനുകളുമാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് 100രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 200 രൂപയുമാണ് ഈടാക്കുന്ന വാട്ടർ ചാർജ് നിരക്കുകൾ.

2024-25 സാമ്പത്തിക വർഷത്തിൽ വാട്ടർ ചാർജ്ജ് ഇനത്തിലെ തൻവർഷ കുടിശ്ശിക ഇനത്തിൽ 625300രൂപയും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15, കോഡ്-431300201) മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 14,98,632രൂപയും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15, കോഡ്-431300202) ചേർത്ത് ആകെ 21,23,932 രൂപ ലഭിക്കാനുള്ളതായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുൻവർഷങ്ങളിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയത് വർഷം തിരിച്ച് ലഭ്യമാക്കേണ്ടതും ഗണ്യമായ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കാനും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/18.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

വാട്ടർ ചാർജ് കുടിശ്ശിക വരുത്തുന്ന ഗുണഭോക്താക്കളിൽ നിന്ന് പ്രതിമാസം പിഴ ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (നിരക്ക്, ഈടാക്കുന്ന രീതി) ലഭ്യമാക്കേണ്ടതും പിഴ ഉൾപ്പെടെയാണോ കുടിശ്ശിക -ഡിമാന്റ് രേഖപ്പെടുത്തുന്നതെന്നും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കേണ്ടതുമാണ്.

## 1-15 റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ് - അപാകങ്ങൾ

ഫയൽ നമ്പർ -SC3/6073/2024

വാർഷിക ധനകാര്യപത്രികയിൽ (RP-4) റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 9,60,552രൂപ വരവ് (Receipt No-1240800167 Dtd 05.12.2024, Mode Of Payment-Bank, A/C No-67386966602, Instrument No-4698178044305 Dtd 27.11.2024)രേഖപ്പെടുത്തിയിട്ടുണ്ട്.

വണ്ടാഴി ഗ്രാമപഞ്ചായത്ത് റോഡിൽ പാളയം ബ്രിഡ്ജ് മുതൽ പാലമുക്ക് മസ്ജിദ് വരെ ആകെ 5580 മീറ്റർ ദൂരത്തിൽ (No Of Pits-81(4464m), OT-1116m)ഒപ്ടിക്കൽ ഫൈബർ കേബിൾ ഇടുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി (OT/HD മെത്തേഡ് വഴി) ഭാരതി എയർടെൽ, മരട്, കൊച്ചി എന്ന സ്ഥാപനം സെക്രട്ടറിക്ക് അപേക്ഷ (01.08.2024തീയതിയിലെ TNL/KER/SLT-13/LSGD/13 നംകത്ത്) സമർപ്പിച്ചിട്ടുണ്ട്.

LSGD വിഭാഗത്തിൽനിന്ന് സ്ഥല പരിശോധന നടത്തുകയും റോഡ് കട്ടിങ് റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 9,37,123രൂപയും റീസ്റ്റോറേഷൻ തുകയുടെ 2.5% സൂപ്പർവേഷൻ ചാർജ് ആയ 23,429 രൂപയും ചേർത്ത് ആകെ 9,60,552 രൂപ അടവാക്കാനും 3,12,375രൂപയ്ക്ക് തുല്യമായ ട്രഷറി ഡെപ്പോസിറ്റോ ബാങ്ക് ഗ്യാരന്റിയോ സെക്യൂരിറ്റി ഡെപ്പോസിറ്റായും സമർപ്പിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി ഭാരതി എയർടെൽ ലിമിറ്റഡ് സ്ഥാപനത്തിന് (27.09.2024ലെ A3-1554/2024 നം ) കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചതിനാൽ സംയുക്ത പരിശോധന നടത്തി ബാങ്ക് ഗ്യാരന്റി തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനം 26.04.2025 തീയതിയിൽ കത്ത് സമർപ്പിച്ചതിനെ തുടർന്ന് ഒറിജിനൽ ബാങ്ക് ഗ്യാരന്റി (240127BGP01662 Dtd 13.11.2024) 03.07.2025ന് സ്ഥാപനത്തിന് തിരികെ നൽകിയിട്ടുള്ളതാണ്.

ഫയൽ പരിശോധിച്ചതിൽ നിന്ന് റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ നടത്തുന്നതിന് ആവശ്യമായ തുക എത്രയാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റോ പഞ്ചായത്താണ് റീസ്റ്റോറേഷൻ നടത്തിയത് എങ്കിൽ 9,60,552രൂപ സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിന്റെ അടിസ്ഥാനമെന്താണെന്നോ വ്യക്തമല്ല. റോഡ് നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റായി വാങ്ങിയിട്ടുള്ള 3,12,375രൂപ വാർഷിക കണക്കിൽ (RP33-Deposits) ഉൾപ്പെടുത്തിയതായും കാണുന്നില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം-21/19.09.2025) മേൽ അപാകതകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 പ്രതിമാസ പൊരുത്തപ്പെടൽ പത്രിക- അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാങ്ക്/ട്രഷറി ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ പൊരുത്തപ്പെടൽ പത്രികകൾ എന്നിവയുടെ പരിശോധനയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തിയതിൽ വ്യത്യാസം കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

**1. അക്കൗണ്ട് നം- 67386966602**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,വടക്കഞ്ചേരി ശാഖ**

| 31.03.2025 ലെ നീക്കിയിരിപ്പ് (ബാങ്ക് ബുക്ക് പ്രകാരം) | 31.03.2025 ലെ നീക്കിയിരിപ്പ് (പാസ് ബുക്ക് പ്രകാരം) | വ്യത്യാസം |
|---|---|---|
| 1,73,63,016 | 1,73,94,338 | 47,000- Cheque Issued But Not Presented<br>15678 - Cheque Deposited But Not Cleared |

മേൽ പട്ടികയിലുള്ളcheque Issued But Not Presented, Cheque Deposited But Not Cleared എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിശദാംശം (പിൻവലിക്ക പ്പെട്ട തീയതി, നിക്ഷേപിച്ച തീയതി എന്നിവ) ലഭ്യമാക്കേണ്ടതാണ്.

**2.അക്കൗണ്ട് നം- 110046082929**
**കനറ ബാങ്ക് , മംഗലം ഡാം ശാഖ**